# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *312

24.02.2016 ൽ
മറുപടിക്ക്

### സംസ്ഥാന പോലീസിലെ വനിതാ പ്രാതിനിധ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി വിഷ്ണുനാഥ്<br>,, സണ്ണി ജോസഫ്<br>,, കെ.മുരളീധരൻ<br>,, ടി.എൻ. പ്രതാപൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന പോലീസിൽ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ലോക്കൽ പോലീസിലെയും ആംഡ് റിസർവ്വിലെയും മൊത്തം അംഗബലത്തിന്റെ 10 ശതമാനമായി വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ അംഗബലം വർദ്ധിപ്പിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ കേരള പോലീസിലെ വനിതാ പ്രാതിനിധ്യം 6 ശതമാനത്തിൽ താഴെയായിരുന്നു. പോലീസ് വകുപ്പിൽ സ്ത്രീകളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 25.08.2014 ലെ സ.ഉ(കൈ)നം.169/14/ആഭ്യന്തരം പ്രകാരം 250 വനിതാ സിവിൽ പോലീസ് ആഫീസർമാരുടെയും, നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ എസ്.ഐ മാരുടെയും തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. 485 ഒഴിവുകൾ വനിതാ സിവിൽ പോലീസ് ആഫീസർ തസ്തികയിലേക്ക് നിയമന ശുപാർശ നൽകുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മിഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും നിയമന ശുപാർശകൾ ലഭിച്ചിട്ടുള്ളതുമാണ്. കൂടാതെ, രണ്ടു ഘട്ടമായി പോലീസ് വകുപ്പിൽ 350 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകൾ, 175 എണ്ണം നടപ്പു സാമ്പത്തിക വർഷത്തിലും (2015-16), 175 എണ്ണം അടുത്ത സാമ്പത്തിക വർഷമാദ്യവും (2016-17) സൃഷ്ടിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | വനിതാ പോലീസ് ഉദ്യോഗസ്ഥരെ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതുവഴി സ്ത്രീകൾക്കും കുട്ടികൾക്കും പോലീസ് സ്റ്റേഷനുകളിൽ ചെന്ന് അവരുടെ പരാതികൾ പറയുന്നതിന് ഏറെ സഹായകമായി തീരുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൃത്യമായി അന്വേഷിച്ചു കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇക്കാര്യത്തിൽ പോലീസ് സദാ ജാഗരൂകരായിരിക്കേണ്ടതും, സ്ത്രീകളുടെ സാന്നിദ്ധ്യം ഉള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ച് പൊതുസ്ഥലങ്ങൾ, തീരപ്രദേശങ്ങൾ, റെയിൽവെ സ്റ്റേഷനുകൾ, ആരാധാനാലയങ്ങൾ എന്നിവിടങ്ങൾ രാത്രി വൈകിയും നിരീക്ഷണ വിധേയമാക്കുന്ന തിനും വനിതാ പോലീസ് സേനാംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ചു വരുന്നത്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | കേരള പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി 25.08.2014 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം. 169/14/ആഭ്യന്തരം പ്രകാരം നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ സബ് ഇൻസ്പെക്ടർമാരുടെയും, 250 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 485 തസ്തികകളിൽ വനിതാ പോലീസ് കോൺസ്റ്റബിൾ ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകുന്നതിനായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമന ശുപാർശ പി.എസ്.സി-യിൽ നിന്നും ലഭിച്ചിട്ടുള്ള വർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ, രണ്ടു ഘട്ടമായി |

പോലീസ് വകുപ്പിൽ 350 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകൾ, 175 എണ്ണം നടപ്പു സാമ്പത്തിക വർഷത്തിലും (2015-16), 175 എണ്ണം അടുത്ത സാമ്പത്തിക വർഷമാദ്യവും (2016-17) സൃഷ്ടിക്കുവാൻ സൃഷ്ടിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പുതുതായി 6 വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. നിലവിൽ 8 വനിതാ പോലീസ് സ്റ്റേഷുകളുടെ ചുമതല വനിതാ സബ് ഇൻസ്പെക്ടർമാർക്കാണ്.

സെക്ഷൻ ഓഫീസർ

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

## Abstract

**Home Department** – Police Establishment – Enhancement of the strength of Women in Kerala Police Force – Posts of Women Civil Police Officer and Women Sub Inspector – Created - Orders issued.

HOME (K) DEPARTMENT

**G.O.(Ms) No. 169/2014/Home** *Dated, Thiruvananthapuram, 25th August 2014.*

**Read:** 1) DO.Letter No. 15011/217/2013-SC/ST-W dated 22.04.2013 of Home Secretary, Government of India.
2) Letter No.S3/120992/12 dated 15.06.2013 of State Police Chief, Kerala, Thiruvananthapuram.

## ***ORDER***

As per the letter read 1st above, Home Secretary, Government of India addressed Chief Secretary on enhancing the representation of women in the Police Force.

2) As per the letter read 2nd above, State Police Chief proposed to recruit 1000 Women Civil Police Officers and 250 Women Sub Inspectors to deploy in various police stations throughout the State.

3) The total number of Women Civil Police Officers and Women Sub Inspectors in Kerala Police needs to be increased. Absence of sufficient number of women police personnel has caused serious administrative inconvenience in the functioning of the police stations.

4) Government have examined the matter in detail and are pleased to create 60 posts of Women Sub Inspectors of Police and 250 posts of Women Civil Police Officers, subject to the condition that these posts should be adjusted against the future vacancies within a period of 4 years.

(By order of the Governor),
**Dr. Nivedita P Haran**
**Additional Chief Secretary to Government**

To

1. The State Police Chief, Thiruvananthapuram.
2. The Principal Accountant General (A&E/Audit), Thiruvananthapuram
3. General Administration (SC) Department
4. Information and Public Relations (Web & Media) Department (for publishing in the website)
5. Finance Department [UO No.70247/Exp. A3/14/Fin dated 23.08.2014]
6. Stock File, Office Copy.

Forwarded/By order

Section Officer